മാത്രമേ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയൂ. അതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണം. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ കണ്ടില്ലെന്നു നടിച്ചുകൊണ്ട് ഒരു പ്രസ്ഥാനത്തിനും മുന്നോട്ട് പോകാൻ കഴിയുകയില്ല. അതുകൊണ്ട് ഇവിടെ പുതിയ വ്യവസായങ്ങൾ ആരംഭിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുമെങ്കിൽ മാത്രമേ തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരം കാണാൻ കഴിയൂ. അതിന് എല്ലാവരുടെയും സഹായസഹകരണങ്ങൾ ഞാൻ അഭ്യർത്ഥിക്കുന്നു.

## (2) വഴിയോര കച്ചവടക്കാരുടെ ദയനീയാവസ്ഥ

പ്രൊഫ. എ. ഡി. മുസ്തഫ: സർ, സമൂഹത്തിൽ ഏറ്റവുമധികം കഷ്ടപ്പെടുന്ന ഒരു വിഭാഗം തൊഴിലാളികളാണ് കച്ചവടക്കാർ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വഴിയോര വാണിഭക്കാർ. പട്ടണങ്ങളിലെ നിരത്തുകളിലും ഉത്സവപ്പറമ്പുകളിലും ചന്തകളിലുമൊക്കെ ആയിരക്കണക്കിനു യുവതീയുവാക്കന്മാർ, മറ്റൊരു ഗതിയും ഇല്ലാത്തതുകൊണ്ട്, അഭ്യസ്തവിദ്യരും അല്ലാത്തവരും ഒരു ജീവിത മാർഗ്ഗമായി, ഉപാധിയായി കണ്ടെത്തിയ ഒരു ഏർപ്പാടാണ് ഈ വഴിയോര വാണിഭം. അവരുടെ സ്ഥിതി പരമ ദയനീയമാണ്. ഉദ്യോഗസ്ഥന്മാരുടെ ക്രൂരമായ നടപടികൾ, ഗുണ്ടകളുടെ സ്ഥിരമായ പണപ്പിരിവ്, പോലീസിന്റെ ഇടപെടൽ ഇങ്ങനെ നാനാതരത്തിലുള്ള പ്രയാസങ്ങൾ സഹിച്ചുകൊണ്ട് ജീവിത മാർഗ്ഗം കണ്ടെത്തുന്ന പതിനായിരക്കണക്കിന് ആളുകൾ ഈ വിഭാഗത്തിലുണ്ടെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇവർ കച്ചവടം ചെയ്യുന്നതുകൊണ്ട് ഇവരുടെ ജീവിത മാർഗ്ഗം നടക്കുന്നുവെന്ന് മാത്രമല്ല സാധാരണക്കാർക്ക് തുച്ഛമായ വിലയ്ക്ക് വസ്ത്രങ്ങൾ അടക്കമുള്ള സാധനങ്ങൾ വാങ്ങുവാനും സാധിക്കുന്നു. ഇവരുടെ കാര്യത്തെക്കുറിച്ച് നിരന്തരമായി പരാതിപ്പെടുകയുണ്ടായിട്ടുണ്ട്. എൻ.ഡി.എ. ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട അന്നത്തെ കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി ട്രേഡ് യൂണിയൻ നേതാക്കന്മാരെയൊക്കെ വിളിച്ചുചേർത്ത് ഇവർക്ക് ചില ക്ഷേമനിധികൾ ഏർപ്പെടുത്തിയ കാര്യം പത്രങ്ങൾ മുഖേന അറിയാൻ കഴിഞ്ഞു. ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്ന സാഹചര്യത്തിൽ പോലീസുകാരുടെ ക്രൂരമായ വിനോദങ്ങളിൽനിന്ന് ഇവരെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഒന്നു രണ്ടു തവണ എഴുത്തു കൊടുക്കുകയും അതിന്റെ കോപ്പി എസ്.പി.-മാർക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടും, ഇന്നും, ഇവരുടെ ദുഃസ്ഥിതിക്ക് ഒരു പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് സൂചിപ്പിക്കുകയാണ്. ഈ കച്ചവട മാർഗ്ഗമൊന്നും നിയമവിധേയമായ കച്ചവടമല്ല. അതേ സമയത്തുതന്നെ സാമൂഹ്യ ബാദ്ധ്യതയുള്ള ഒരു സർക്കാർ എന്നുള്ള നിലയിൽ കഴിവില്ലാത്ത, മറ്റൊരു മാർഗ്ഗവും ഇല്ലാത്തവരുടെ കാര്യത്തിൽ ചില സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇത്തരം ആളുകൾക്ക് പട്ടണ പ്രദേശങ്ങളിൽ കച്ചവടം ചെയ്യാൻ വേണ്ടി ഏരിയകൾ മാർക്ക് ചെയ്തു കൊടുത്താൽ ട്രാഫിക്കിനോ മറ്റ് കച്ചവടക്കാർക്കോ പ്രയാസം ഇല്ലാത്ത രൂപത്തിൽ കാര്യങ്ങൾ നിർവ്വഹിക്കുവാൻ സാധിക്കുന്നതാണ്. അതുപോലെതന്നെ എല്ലാത്തരം തൊഴിലാളികൾക്കും വെൽഫയർ ഫണ്ടും പെൻഷനുമൊക്കെ നല്കുന്ന ഈ കാലത്ത്, എൻ.ഡി.എ. ഗവൺമെൻറിന്റെ കാലത്ത് എടുത്ത തീരുമാനമനുസരിച്ച് ഇവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സഭയോട് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, നിയമാനുസൃതമായി കച്ചവടം നടത്തുന്നവർക്ക് പ്രശ്നങ്ങൾ ഉണ്ടാകാറില്ല. എന്നാൽ അനധികൃതമായി വഴിയോരങ്ങളിൽ വിപണനം നടത്തുന്നവരെ ഒഴിവാക്കുന്നതിന് അവരിൽനിന്നും പിഴ ഈടാക്കുകയും മറ്റും ചെയ്യാറുണ്ട്. Seasonal ആയി കച്ചവടം ചെയ്യുന്നവരോട് നല്ല ഉദാരമായ സമീപനമാണ് അധികാരികൾ സ്വീകരിക്കാറുള്ളത്. ഇവരുടെ അംഗസംഖ്യ അടുത്തകാലത്ത് വർദ്ധിച്ചുവരുന്നതായി കാണുന്നു. അനൗപചാരിക സാമ്പത്തിക മേഖലയിലുള്ളവരെ (Informal Economic Sector) സ്ഥിരമായിട്ടുള്ള മൈക്രോ എന്റർപ്രൈസസിലേയ്ക്ക് കൊണ്ടുവരുന്നതിന് കുടുംബശ്രീ വഴി ഒരു പരിപാടി തയ്യാറാക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പ്രശ്നങ്ങൾ പലയിടത്തും ഉണ്ടാകാറുണ്ട്. വഴിയോരങ്ങളിലെ ഭക്ഷണശാലകൾ ചില അവസരങ്ങളിലൊക്കെ രോഗങ്ങൾ പരത്തുന്നതിനൊക്കെ ഇടയാക്കുന്നുണ്ട് എന്നു പറയുമ്പോൾ ഗവൺമെന്റ് ഇടപെടാറുണ്ട്. ഈ അടുത്ത കാലത്ത് കോട്ടയം മെഡിക്കൽ കോളേജിൽ വ്യാപകമായി മഞ്ഞപ്പിത്തം പടർന്നു പിടിച്ചതിനെത്തുടർന്ന് ഉണ്ടായ അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ ആ പ്രദേശത്തെ വഴിയോര ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ നിർത്തേണ്ടതായിട്ടുവന്നു. ഗതാഗതത്തിനു തടസ്സവും ജനങ്ങൾക്ക് ബുദ്ധിമുട്ടും വരുന്ന അവസരത്തിലാണ് പലപ്പോഴും ഇടപെടാറുള്ളത്. ഇതിനകത്തെ മാനുഷിക വശം ഗവൺമെന്റ് നല്ലതുപോലെ മനസ്സിലാക്കുന്നുണ്ട്. ഒരു കുടുംബത്തിന്റെ ഉപജീവന മാർഗ്ഗമായിരിക്കും. പക്ഷേ അത് സമൂഹത്തിന് ദോഷകരമാകരുത്. പട്ടണങ്ങളുടേയും മറ്റുമൊക്കെ വികസനത്തിന് ബുദ്ധിമുട്ട് ഉണ്ടാക്കരുതെന്നുള്ള പൊതുവായിട്ടുള്ള ചില സമീപനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാവുന്ന അത്രയും സുതാര്യമായ സമീപനം സ്വീകരിക്കും. ഇവരെ സ്ഥിരമായിട്ടുള്ള ഒരു സംവിധാനത്തിലേയ്ക്ക്, മൈക്രോ എന്റർപ്രൈസസിലേയ്ക്ക് കൊണ്ടുവരാൻ വേണ്ടി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

പ്രൊഫ. എ. ഡി. മുസ്തഫ: ഇതിന്റെ നടപടി എന്ന നിലയിൽ ഈ കച്ചവടം ചെയ്യുന്നവർക്ക് ഗതാഗതത്തിനും മറ്റും അസൗകര്യം ഇല്ലാത്ത നിലയിൽ ഒരു സോൺ തിരിച്ചുകൊണ്ട് പ്രത്യേക സ്ഥലം ഏർപ്പാടു ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: അങ്ങനെ ലഭ്യമാകുന്ന സ്ഥലങ്ങളിൽ ഇവർ മാറാൻ തയ്യാറാകുമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം പരിഗണിക്കുന്നതാണ്. അതിനു ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാം. പലപ്പോഴും അതിനുപറ്റിയ സ്ഥലങ്ങൾ കാണുകയില്ല. ഏതെങ്കിലും സ്ഥലങ്ങൾ കണ്ടുപിടിച്ച് കൊടുത്താൽ അവർ അങ്ങോട്ട് പോകുവാൻ തയ്യാറാകുകയില്ല. ഇതു രണ്ടുംകൂടി ഒത്തുവരുന്ന സ്ഥലത്ത് നിശ്ചയമായും അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും. ബഹുമാനപ്പെട്ട മെമ്പർതന്നെ ഏതെങ്കിലും പട്ടണത്തോടനുബന്ധിച്ച് സ്ഥലം കണ്ടുകൊണ്ടാണ് പറഞ്ഞിട്ടുള്ളതെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ ഉടനെതന്നെ അതിനാവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly